# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ തെരസ ബെനഡിക്ട (1891-1942)




ജർമനിയിലെ ബ്രെസ്‌ലോ എന്ന സ്ഥലത്ത് ഒരു യഹൂദ കുടുംബത്തിലാണ് തെരേസ ജനിച്ചത്. എഡിത്ത് സ്റ്റെയിൻ എന്നായിരുന്നു അവൾക്കു മാതാപിതാക്കളിട്ട പേര്. ഏഴു മക്കളുള്ള കുടുംബത്തിലെ ഇളയപെൺകുട്ടി. യഹൂദമതക്കാരിയായിരുന്നുവെങ്കിലും പതിമൂന്നു വയസ്സ് മാത്രം പ്രായമുള്ളപ്പോൾ തന്നെ അവൾ യഹൂദമതം ഉപേക്ഷിച്ചു. പഠനത്തിൽ അതിസമർത്ഥയായിരുന്നു എഡിത്ത്. ജർമ്മനിയിലെ ബ്രേസ്‌ലാവിലുള്ള സർവ്വകലാശാലയിൽ നിന്നു ഫിലോസഫിയിൽ ബിരുദം നേടിയ എഡിത്ത് ലോകപ്രശസ്ത തത്വചിന്തകനായ എഡ്മണ്ട് ഹുസറലിന്റെ ശിഷ്യയായിരുന്നു . തന്റെ സഹപാഠികളായ ക്രൈസ്തവ വിശ്വാസികളുടെ ജീവിതം അവളെ ഏറെ സ്വാധീനിച്ചുതുടങ്ങി. സത്യമായ ദൈവമേത് എന്ന ചിന്ത അവളെ അലട്ടുവാൻ തുടങ്ങി. ഒരിക്കൽ തന്റെ സുഹൃത്തുക്കളായ ഒരു ക്രൈസ്തവ കുടുംബത്തിൽ അവധിക്കാലം ചെലവഴിക്കുന്നതിനുവേണ്ടി അവൾ പോയി. അവിടെ പുസ്തകങ്ങളുടെ ഒരു വലിയ ശേഖരമുണ്ടായിരുന്നു.അവൾ ആ പുസ്തകഷെൽഫിൽ നിന്ന് തടിച്ച ഒരു പുസ്തകമെടുത്തു. ആവിലായിലെ അമ്മ ത്രേസ്യയുടെ ജീവചരിത്രമായിരുന്നു അത്. ആ പുസ്തകം പൂർണ്ണമായി വായിച്ചുതീർന്നതോടെ തന്റെ ദൈവത്തെ, സത്യമായ ദൈവത്തെ അവൾ കണ്ടെത്തി. എഡിത്ത് ക്രൈസ്തവവിശ്വാസം സ്വീകരിച്ചു. മാമോദീസ മുങ്ങി.

1934 ൽ കർമലീത്ത സഭയിൽ ചേർന്നതോടെയാണ് തെരേസ ബെനഡിക്ട് എന്ന പേര് സ്വീകരിക്കുന്നത്. തന്റെ പ്രേഷിത ജീവിതത്തിന് അതിനുമുൻപു തന്നെ അവൾ തുടക്കം കുറിച്ചിരുന്നു. യൂറോപ്പിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു. അവിടെയെല്ലാം പ്രസംഗിച്ചു. നിരവധി പേരുടെ വിശ്വാസം ശക്തിപ്പെടുത്തി. ആ സമയത്ത് ഡൊമിനിഷ്യൻ സ്‌കൂളിൽ അധ്യാപികയായും അവൾ ജോലി നോക്കി. ജർമനിയിൽ ഹിറ്റ്ലറുടെ ഭരണകാലമായിരുന്നു അത്. യഹൂദരെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന സമയം.തെരേസയെ രക്ഷിക്കുവാൻ സഭാധികാരികൾ ശ്രമിച്ചു.ഹോളണ്ടിലേക്ക് തെരേസ താമസം മാറ്റി.എന്നാൽ ഹിറ്റലർ ഹോളണ്ട് കീഴടക്കിയപ്പോൾ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചവളായിരുന്നുവെങ്കിലും മറ്റു പലർക്കുമൊപ്പം തെരേസയും അറസ്റ്റിലായി.ഔഷ്വിക്‌സിലെ കുപ്രസിദ്ധമായി ഗ്യാസ് ചേംബറിൽ അടയ്ക്കപ്പെട്ടു.1942 ഓഗസ്റ്റ് 9 ന് രക്തസാക്ഷിയായി.1998 ൽ പോപ് ജോൺപോൾ രണ്ടാമൻ മാർപാപ്പ തെരേസയെ വിശുദ്ധയായി പ്രഖ്യാപിച്ചു.

വിശുദ്ധ തെരസ ബെനഡിക്ട, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...